Notice for adjournment motion

Uncorrected/Not for publication
17-09-2025

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

മി. സ്പീക്കർ: സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരംമൂലം നിരവധിപേർ മരണമടഞ്ഞതായും രോഗം തടയാൻ സർക്കാർ കാര്യക്ഷമമായ ഇടപെടൽ നടത്താത്തതുമൂലവും ആരോഗ്യമേഖലയിലെ പ്രതിസന്ധി ജനങ്ങളിൽ ആശങ്ക ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ എൻ. ഷംസുദ്ദീൻ, ഐ. സി. ബാലകൃഷ്ണൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഇത് പൊതുജനാരോഗ്യ പ്രാധാന്യമുള്ളൊരു വിഷയമായതിനാലും പൊതുജനാരോഗ്യ സംവിധാനങ്ങളെ സംബന്ധിച്ച് തെറ്റായ പല പ്രചാരണങ്ങളും നടക്കുന്നുണ്ട് എന്നതിനാലും ഇതിന്റെ വസ്തുതകളും യാഥാർഥ്യങ്ങളും ഈ സഭയും കേരളത്തിലെ പൊതുസമൂഹവും

അറിയേണ്ടതുണ്ടെന്നതിനാലും ഈ വിഷയം ചർച്ച ചെയ്യുന്നതിന് തയ്യാറാണ്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... (......ബഹളം.......)

ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസിലൂടെ ഉന്നയിക്കപ്പെട്ട വിഷയത്തിന്മേൽ ചർച്ച ആകാമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി അറിയിച്ചതിന്റെയടിസ്ഥാനത്തിൽ അതുസംബന്ധിച്ച ചട്ടം 55 അനുസരിച്ചുള്ള ഉപക്ഷേപം 12.00 മണിക്ക് ചർച്ചയ്ക്കെടുക്കുന്നതാണ്. രണ്ട് മണിക്കൂറായിരിക്കും ചർച്ച. (......ബഹളം.......)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സഭാനടപടികൾ നിർത്തിവച്ച് പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനാണ് ചട്ടം 50 പ്രകാരമുള്ള നോട്ടീസ് നൽകുന്നത്. ഞങ്ങളുടെ ആവശ്യം മന്ത്രി അംഗീകരിച്ചതിന് ഭരണകക്ഷി അംഗങ്ങൾ ഞങ്ങളെ പരിഹസിക്കുന്നത് എന്തിനാണ്? ചർച്ച ചെയ്യുന്നത് ഞങ്ങളുടെ ആവശ്യമാണ്. ഇന്നലെ എന്നിട്ട് എന്തുപറ്റി........ (......ബഹളം.......)

മി. സ്പീക്കർ: യെസ്... പ്ലീസ്... പ്ലീസ്... (...ബഹളം...)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇന്നലെ അങ്ങ് ഇക്കാര്യം പ്രത്യേകം പരാമർശിക്കുകയുണ്ടായി.

പതിനഞ്ചാമത് കേരള നിയമസഭയുടെ ചരിത്രത്തിലെ പതിനഞ്ചാമത്തെ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന്റെ ചർച്ചയ്ക്കാണ് അങ്ങ് അനുമതി നൽകുന്നത്. പതിനാലാം നിയമസഭാ സമ്മേളന സമയത്ത് ആറ് ചർച്ചകൾ നടത്തുകയുണ്ടായി. അപ്പോൾ ഇരുപത്തിയൊന്നാമത്തെ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന്റെ ചർച്ചയാണിത്. ഈ ഗവൺമെന്റിന്റെ ജനാധിപത്യ ബോധത്തെയും ഏത് ചോദ്യത്തിനും ഉത്തരം നൽകാനുമുള്ള ഞങ്ങളുടെ ധൈര്യത്തെയുമാണ് ഇത് കാണിക്കുന്നത്. ഇന്നലത്തെ ചർച്ചയുടെ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിക്കുകയുണ്ടായി. ഇന്നലെ എന്താണ് സംഭവിച്ചിട്ടുള്ളതെന്ന് പൊതുവെ മാധ്യമങ്ങൾ പറഞ്ഞിട്ടുണ്ട്. (......ബഹളം.......)